Published on *Kerala Agricultural University* (https://kau.in)



1971-ലെ കെഎയു ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം 1995-ലാണ് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സിസ്റ്റം (കെഎയു ലിസ്) സ്ഥാപിതമായത്. അന്നത്തെ ബഹുമാനപ്പെട്ട കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. കൃഷ്ണൻ കനിയമ്പറമ്പിൽ 24.12.1998-ന് ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു .

അനുശാസനം

മാറിക്കൊണ്ടിരിക്കുന്ന ലൈബ്രറിയുടെയും വിവര സേവന പരിതസ്ഥിതിയുടെയും സാഹചര്യത്തിൽ, കെഎയു ലിസിന്റെ അനുശാസനങ്ങൾ താഴെ ചേർക്കുന്നതായിരിക്കും.

- ഇലക്ട്രോണിക് വിവര സേവന ശൃംഖലയുടെ ഭാഗങ്ങളായ ആസ്ഥാന ലൈബ്രറി, കോളേജുകളിലെ വിവര സേവന ഡിവിഷനുകൾ, യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ഗവേഷണ സ്റ്റേഷനുകളിലെയും മറ്റു യൂണിറ്റുകളിലെയും ലൈബ്രറികൾ എന്നിവയ്ക്ക് ആവശ്യമായ പ്രത്യേക വിവര സേവന സംവിധാനങ്ങളും പ്രമാണീകരണ സൗകര്യങ്ങളും ലഭ്യമാക്കുക.
- നിർബന്ധിതവിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങളുടെ ഒരു ശേഖരം സജ്ജമാക്കുക.
- വിവര ശാസ്ത്രത്തിൽ ഒരു മികവിന്റെ ക്രേന്ദമായി സെൻട്രൽ ലൈബ്രറിയെ വികസിപ്പിക്കുക.
- പ്രസക്തമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന ഉപകരണങ്ങളും സാങ്കേതികതകളും വികസിപ്പിക്കുകയും നിലവിലെ വിവരസാങ്കേതികവിദ്യയിൽ ഗവേഷണം നടത്തുകയും ചെയ്യുക.
- ലൈബ്രറി, ഇൻഫർമേഷൻ സിസ്റ്റങ്ങൾ, നെറ്റ്വർക്കുകൾ എന്നിവയുടെ വിവിധ വശങ്ങൾക്കായി മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ആവിഷ്കരിക്കുക.
- കാർഷിക ശാസ്ത്രത്തിന്റെ കമ്പ്യൂട്ടർ അധിഷ്ഠിത ഡാറ്റാബേസ് തയ്യാറാക്കുക.
- ഉപദേശക, കൺസൾട്ടൻസി സേവനങ്ങൾ നല്കുക.

വിഭവങ്ങൾ

കെട്ടിടം

സർവ്വകലാശാലയുടെ ലൈബ്രറി കെട്ടിടസമുച്ചയത്തിലാണ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സർവീസസ് യൂണിറ്റിന്റെ ആസ്ഥാനം. ഇതിന്റെ ഭാഗമായി ഒരു ഇലക്ട്രോണിക് ലൈബ്രറി, വിവര സാങ്കേതിക ലാബ്, ഐടി പരിശീലന സൗകര്യങ്ങൾ എന്നിവ യൂണിവേഴ്സിറ്റി ലൈബ്രറി കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന യൂണിറ്റ് ആസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

ഐടി ലബോറട്ടറികൾ

ഉപയോക്താക്കളുടെ ആവശ്യകത അനുസരിച്ച് വിവര ഉല്പന്നങ്ങൾ സൃഷ്ടിക്കാനും ലൈബ്രറി, ഇൻഫർമേഷൻ സർവീസ് പാക്കേജുകൾ, ഡാറ്റാബേസ് എന്നിവ വികസിപ്പിക്കാനും വിവര ഉല്പന്നങ്ങൾ സൃഷ്ടിക്കാനും ഈ യൂണിറ്റിൻ കീഴിലുള്ള ഒരു വിവര സാങ്കേതിക ലാബിൽ സൗകര്യങ്ങളുണ്ട്.

ഇലക്ട്രോണിക് ലൈബ്രറി

വിവിധ ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുടെ പിന്തുണയോടെ ഒരു ഇലക്ട്രോണിക് ലൈബ്രറി ഇതിനകം യൂണിറ്റ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഏതെങ്കിലും SAU അല്ലെങ്കിൽ ICAR റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൻ കീഴിൽ ഇന്ത്യയിൽ വിഭാവനം ചെയ്യുന്ന ആദ്യത്തെ ഇലക്ട്രോണിക് ലൈബ്രറിയാണിത്.

ഊർജ്ജപരിരക്ഷ

ഇരുപത്തിനാൽ മണിക്കൂർ യുപിഎസ് പിന്തുണയോടുകൂടിയ ഉയർന്ന ഊർജ്ജ പരിരക്ഷ ആവശ്യമുള്ള

അത്യാധുനിക ലൈബ്രറി ഉപകരണങ്ങൾ ലഭ്യമാണ്. അടുത്തുള്ള ഓഡിറ്റോറിയം ഉപയോഗിക്കാത്തപ്പോൾ ലൈബ്രറിക്ക് ഒരു ജനറേറ്റർ സൗകര്യവും ലഭ്യമാണ്.

യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറി

യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറി സർവ്വകലാശാല ആസ്ഥാനത്ത്  പ്രവർത്തിക്കുന്നു. മെയിൻ കാമ്പസിലെ കോളേജുകളുടേയും സ്റ്റേഷനുകളുടേയും  പ്രധാന ലൈബ്രറിയായി ഇത് പ്രവർത്തിക്കുന്നു. ഒന്നിലധികം സ്റ്റേഷനുകൾക്ക് ആവശ്യമായ എല്ലാ വിലകൂടിയ മൂലഗ്രന്ഥങ്ങളും  വിദേശ ജേണലുകളും മറ്റ് രേഖകളും പൊതുവായ ഉപയോഗത്തിനും തനിപ്പകർപ്പ് ഒഴിവാക്കുന്നതിനും യൂണിവേഴ്സിറ്റി ലൈബ്രറി ഏറ്റെടുക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.

കോളേജ് ലൈബ്രറികൾ

യൂണിറ്റിൻ കീഴിൽ എട്ട് കോളേജ് ലൈബ്രറികൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കെട്ടിടം, ഉപകരണങ്ങൾ, അച്ചടി ശേഖരങ്ങൾ, അച്ചടി ഇതര രേഖകളുടെ ശേഖരണം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ അതാതു യൂണിറ്റുകളിൽ  ഒരുക്കിയിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിലെ ലൈബ്രറി ഒരു കോളേജ് ലൈബ്രറി ലാനും ഇഎമ്മിലെ വിവര ഉറവിടങ്ങളും  ഉപയോഗിച്ച് സ്വയം പ്രവർത്തിക്കുന്ന സംവിധാനത്തിലൂടെ കാമ്പസിലും സമീപ സ്റ്റേഷനുകളിലും വിവര സേവനങ്ങൾ നല്കുന്നു. മറ്റു കോളേജുകളിലും ആധുനിക വിവര സൗകര്യങ്ങൾ ഒരുക്കുന്നതിൻ ആവശ്യമായ നവീകരണ പരിപാടികൾ സജീവമാണ്. തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കാർഷിക കോളേജ് ലൈബ്രറി കെ എ യു ലിസിന്റെ പ്രധാന ഉപസിസ്റ്റങ്ങളിലൊന്നാണ്.  3500-ൽ  പരം പിജി, ഡോക്ടറൽ ഗവേഷണപബന്ധങ്ങൾ, 25000ത്തോളം ഗ്രന്ഥങ്ങൾ, 6500 ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ശേഖരം ഇതിലുണ്ട്.  ഈ ശേഖരങ്ങളുടെ സമ്പൂർണ്ണ ഡാറ്റാബേസ് കമ്പ്യൂട്ടറൈസ്ഡ് ആണ്, കൂടാതെ ഓൺലൈൻ വിവരങ്ങൾ വീണ്ടെടുക്കുന്നതിനായി ഒരു ലാൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയെയും അനുബന്ധ മേഖലകളെയും കുറിച്ചുള്ള ലോകമെമ്പാടുമുള്ള ഡാറ്റാബേസുകള് തിരയുന്നതിനായി ഇന്റര്നെറ്റ് സൗകര്യം ഈ ലൈബ്രറിയില് ലഭ്യമാണ്.

ഡിപ്പാർട്ട്മെന്റ് ലൈബ്രറികൾ

ദൈനംദിന ഉപയോഗത്തിൻ  അതത് വകുപ്പുമായി ബന്ധപ്പെട്ട പ്രത്യേക വിഷയങ്ങൾ  ഉൾപ്പെട്ട നിർദ്ദിഷ്ട പുസ്തകങ്ങളുടെ ചെറിയ ശേഖരം ഉള്ള ഡിപ്പാർട്ട്മെന്റ് ലൈബ്രറികളാണ് കോളേജുകളിലെ വിവിധ വകുപ്പുകൾക്ക് വേണ്ട സേവനം നല്കുന്നത്.

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ/ ഗവേഷണ സ്റ്റേഷൻ ലൈബ്രറികൾ:

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ  സ്ഥാപിതമായ ലൈബ്രറികൾ ബന്ധപ്പെട്ട കാർഷിക-കാലാവസ്ഥാ മേഖലയെ അടിസ്ഥാനമാക്കിയുള്ള വിഷയങ്ങളും അവ കൈകാര്യം ചെയ്യുന്ന പ്രോജക്ടുകളെ കുറിച്ചുള്ള വിവരങ്ങളുംശേഖരിച്ചു സൂക്ഷിക്കുന്നു.  ഗവേഷണ സ്റ്റേഷനുകൾക്ക് അവരുടെ പ്രോജക്റ്റുകൾ നടപ്പിലാക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള ശേഖരങ്ങൾ ആ സ്റ്റേഷനുകളിൽ സ്ഥാപിതമായ ചെറിയ ലൈബ്രറികളിൽ നിന്നും ലഭ്യമാണ്.

പുസ്തക ശേഖരണ വികസനം

എല്ലാ കോളേജ് ലൈബ്രറികളിലും പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും ഗവേഷണ സ്റ്റേഷൻ ലൈബ്രറികളിലും പുസ്തക ശേഖരണം വികസിപ്പിച്ചെടുത്തിട്ടുണ്ട്.  പുസ്തകം ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകളും വിവിധ സ്റ്റേഷനുകളിൽ ഏറ്റെടുക്കേണ്ട ശീർഷകങ്ങളുടെ പട്ടികയും ബന്ധപ്പെട്ട സ്റ്റേഷനിൽ വാങ്ങുന്നതിൻ യൂണിറ്റിന്റെ ആസ്ഥാനത്ത് ജീവനക്കാർ ലഭ്യമല്ലാത്തതിനാൽ  ലൈബ്രേറിയൻ അംഗീകരിച്ചു വരുന്നു.

ജേണലുകൾ

സ്റ്റേഷനുകൾ തമ്മിലുള്ള തനിപ്പകർപ്പ് ഒഴിവാക്കിക്കൊണ്ടാണ് വിവിധ സ്റ്റേഷനുകൾക്കായി വിലകൂടിയ വിദേശ ജേണലുകൾ സബ്സ്ക്രൈബ് ചെയ്യുന്നത്. വിവിധ സ്റ്റേഷനുകൾക്ക് ആവശ്യമായ അത്തരം ജേണലുകൾ സെൻട്രൽ ലൈബ്രറിയിൽ സൂക്ഷിക്കുകയും അവയെ അടിസ്ഥാനമാക്കിയുള്ള വിവര സേവനം

അവ ആവശ്യമായ എല്ലാ സ്റ്റേഷനുകളിലും സെൻട്രൽ ലൈബ്രറി നല്കുകയും ചെയ്യുന്നു. ഇലക്ട്രോണിക് മാധ്യമത്തിൽ ലഭ്യമായ ജേണലുകൾ ആ മാധ്യമത്തിൽ മാത്രം വരിക്കാരാവുന്നത് കൊണ്ട് ചെലവ് കുറയ്ക്കാനും വേഗമേറിയതും കാര്യക്ഷമവുമായ സേവനത്തിനും സാധിക്കുന്നു. ഈ നയം സര്വകലാശാലയെ ആവർത്തന ചെലവുകൾ വർദ്ധിപ്പിക്കാതെ 60 ഇന്ത്യൻ, വിദേശ ജേണലുകകളുടെ സ്ഥിര വരിക്കാരാവുന്നതിനു പ്രാപ്തമാക്കി. CD ROM പതിപ്പുകളിലേക്കുള്ള മാറ്റം ചില വിദേശ ജേണലുകളുമായി ബന്ധപ്പെട്ട വരിസംഖ്യയുടെ ആവർത്തന ചെലവുകളിൽ 60 ശതമാനം കുറവുവരുത്തുന്നതിനും സഹായകമായിട്ടുണ്ട് .

കംപ്യൂട്ടറധിഷ്ഠിത വിവര സേവനം

ഇലക്ട്രോണിക് പ്രമാണങ്ങളും വിവിധ ധാരണാപ്രതങ്ങൾക്ക് കീഴിൽ പങ്കുവയ്ക്കുന്ന നിലവിലുള്ള വിഭവങ്ങളും ഉപയോഗിച്ച് കമ്പ്യൂട്ടർവത്കൃത വിവര സേവനങ്ങൾ ഇന്റർനെറ്റ് വഴി യൂണിറ്റ് ലഭ്യമാക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ, ഉപഭോഗവസ്തുക്കളും ടെലിഫോൺ ചാർജുകളും പരിപാലന ചെലവുകളുടെ ചെറിയൊരുഭാഗവും ഉൾക്കൊള്ളുന്ന നാമമാത്രമായ ഫീസ് ഈ സേവനങ്ങൾക്ക് ഈടാക്കുന്നുണ്ട്.

സെന്റർ ഫോർ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് സ്റ്റഡീസ്

ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിന്റെ ഒരു കേന്ദ്രം യൂണിറ്റിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇത് വിവരസേവനങ്ങൾ, പ്രത്യേകിച്ചും കൃഷി, ശാസ്ത്ര സാങ്കേതിക മേഖലകളിൽ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലന പരിപാടികളും കൺസൾട്ടൻസി സേവനങ്ങളും നല്കി വരുന്നു. ഈ യൂണിറ്റിന്റെ ലഭ്യമായ സൗകര്യങ്ങൾ വിലയിരുത്തിയ ഡിഎസ്ഐആറിൻ കീഴിലുള്ള നിസാറ്റ് സബ്സിഡി നിരക്കിൽ കോഴ്സുകൾ നടത്തുന്നതിനാവശ്യമായ ഭാഗിക ചെലവുകൾ വഹിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.സർവ്വകലാശാല ഇതിനകം ധാരണാപ്രതങ്ങളിൽ ഒപ്പുവെച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിൻ ആസൂത്രണ കമ്മീഷൻ കീഴിലുള്ള എന്ഐഎസിയുടെ ഇന്ഫ്ലിബ്നെറ്റ്, ഇന്ഫർമേഷൻ സര്വീസ് പാക്കേജ് ഡിവിഷൻ എന്നിവ യൂണിറ്റിനെ പിന്തുണയ്ക്കാമെന്ന് കരാർചെയ്തു. ലൈബ്രറി & ഇൻഫർമേഷൻ സയൻസിൽ മൂന്ന് അപ്രന്റീസുകളെ പരിശീലിപ്പിക്കേണ്ടത് ഈ യൂണിറ്റിൻ ചുമതലയാണ്, അതിനാവശ്യമായ സാമ്പത്തിക സഹായം ഭാരത സർക്കാരിൻ കീഴിലെ ബോർഡ് ഓഫ് അപ്രന്റീസ്ഷിപ്പ് നല്കുന്നു. ജില്ലാ ലൈബ്രറി കൗൺസിലുമായും ഭാരത് യുവക് സമാജുമായും സഹകരിച്ച് യൂണിറ്റ് വർക്ക് ഷോപ്പും ഐടി പരിചിത പരിപാടികളും ജില്ലാ ലൈബ്രറി കൗൺസിലിൻ കീഴിൽ ഗ്രാമ ലൈബ്രറികളിൽ ജോലി ചെയ്യുന്ന ലൈബ്രേറിയന്മാർക്കായി സംഘടിപ്പിച്ചു. ജസ്റ്റിസ് ശ്രീ. വി. ആർ. കൃഷ്ണ അയ്യർ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ 250 ലധികം ലൈബ്രേറിയന്മാരും സാമൂഹിക പ്രവർത്തകരും പങ്കെടുത്തു.

റിപ്രോഗ്രഫി

ഈ യൂണിറ്റിൻ കീഴിലുള്ള ചില ലൈബ്രറികൾ ഇതിനകം തന്നെ സബ്സിഡി നിരക്കിൽ റിപ്രോഗ്രാഫിക് സേവനങ്ങൾ നല്കിവരുന്നുണ്ട്.

കർഷക വിഭാഗം

സർവ്വകലാശാല ആസ്ഥാനത്ത് ഒരു കർഷക വിഭാഗം പ്രവർത്തിക്കുന്നു. കർഷകർക്കായി പ്രത്യേകം തയ്യാറാക്കിയ വായനാ സാമഗ്രികൾ, വീഡിയോ പ്രോഗ്രാമുകൾ, സംവേദനാത്മക മൾട്ടിമീഡിയ പ്രോഗ്രാമുകൾ, പ്രദർശനങ്ങൾ എന്നിവ നടത്താനുള്ള സൗകര്യം ഡിവിഷനിൽ ഉണ്ട്.

വിവരസാങ്കേതികവിദ്യ

അത്യാധുനിക വിവരസാങ്കേതിക സൗകര്യങ്ങളായ ഇൻഫർമേഷൻ ടെക്നോളജി ലാബ്, ഇലക്ട്രോണിക് ലൈബ്രറി, സെൻട്രൽ ലൈബ്രറിക്ക് ഒരു ബിൽഡിംഗ് ലാൻ, കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലന സൗകര്യങ്ങൾ എന്നിവ യൂണിറ്റിനുണ്ട്. ലൈബ്രറിക്ക് ഒരു സ്വതന്ത്ര VSAT അല്ലെങ്കിൽ പാട്ടത്തിനെടുത്ത ലൈൻ ലഭിക്കുന്നതുവരെ ഉപയോഗിക്കാനായി ERNET കണക്റ്റിവിറ്റി ഉപയോഗിച്ചുള്ള ഒരു താൽക്കാലിക ഇ-മെയിൽ സ്ഥാപിച്ചിട്ടുണ്ട്, ഏത് സ്ഥലത്തുനിന്നും ലൈബ്രറി കൈവശം വച്ചിരിക്കുന്ന വിവര ഉറവിടങ്ങളിലേക്ക് 24 മണിക്കൂറും പ്രവേശനക്ഷമത ഉറപ്പാക്കാനിതു സഹായിക്കുന്നു. യൂണിറ്റിലെ എല്ലാ ഡിവിഷനുകൾക്കും കമ്പ്യൂട്ടറുകളും ആ ഡിവിഷനുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഓട്ടോമേഷനും ഉപയോക്താക്കൾക്ക് സേവനങ്ങൾ നല്കുന്നതിൻ പ്രത്യേക പാക്കേജുകളും നല്കിയിട്ടുണ്ട്. തിരഞ്ഞെടുത്ത വിവര പ്രചാരണത്തിനായി

കമ്പ്യൂട്ടറുകളിൽ വിവിധ അമൂർത്ത, സൂചിക ഡാറ്റാബേസുകൾ ലഭ്യമാണ്.സെൻട്രൽ ലൈബ്രറിയിലെ വിവിധ സ്ഥലങ്ങളിൽ വിവരങ്ങൾ, ചിത്രങ്ങൾ, വീഡിയോകൾ, തുടങ്ങിയവ വളരെ വേഗത്തിൽ ഉപയോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ടെർമിനലുകൾ നല്കിയിട്ടുണ്ട്. വിവിധ ലൈബ്രറി, ഇൻഫർമേഷൻ ടെക്നോളജി പ്രോജക്ടുകൾ വിജയകരമായി നിലനിർത്തുന്നതിൻ, ഗവണ്മെന്റിന്റെ കീഴിലുള്ള ഡിഎസ്ഐആർറിന്റെ നിസാറ്റ് പോലെ  ഈ മേഖലയിൽ പ്രവീണ്യമുള്ള ദേശീയ അന്തർദേശീയ ഏജൻസികളായ ഇന്ത്യ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഇൻഫർമേഷൻ ആന്റ് ലൈബ്രറി നെറ്റ്വർക്ക് പ്രോഗ്രാം (ഇൻഫ്ലിബ്നെറ്റ്), ആസൂത്രണ കമ്മീഷന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻഐസി), യുനെസ്കോയിലെ ഇൻഫർമാറ്റിക്സ് വിഭാഗം, പാരീസ്, ഇന്റർനാഷണൽ അഗ്രിക്കൾച്ചറൽ റിസർച്ച് (സിജിഐഎആർ) കൺസൾട്ടേറ്റീവ് ഗ്രൂപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളുമായി അടുത്ത സഹകരണവും ഉചിതമായ ബന്ധങ്ങളും സ്ഥാപിച്ചിട്ടുണ്ട്..

**Album:**
Central Library, Vellanikkara

---